ടി 3/100196/2015/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി.14/06/2017

# സർക്കുലർ

## അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്- (2017-18)

കേരള സംസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന അംഗപരിമിത വിദ്യാർത്ഥികളുടെ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന കേന്ദ്രസർക്കാരിന്റെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. (അപേക്ഷകർക്ക് കമ്മ്യൂണിറ്റി ബാധകമല്ല) പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠനം നടത്തുന്ന 40% ൽ കുറയാതെ ഡിസ്എബിലിറ്റിയുള്ളതും 2,50,000/- രൂപയിൽ കവിയാതെ കുടുംബവാർഷിക വരുമാനമുള്ളതുമായ വിദ്യാർത്ഥികൾക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി **"www.scholarships.gov.in"** എന്ന വെബ്സൈറ്റിലെ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തിരം ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. മാനുവലായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഇന്ത്യാഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റിന് കീഴിൽ **Department of Empowerment of persons with Disabilities** നേരിട്ട് നടപ്പിലാക്കുന്ന ഈ സ്കോളർഷിപ്പിന്റെ തുക വിതരണം **Public Financial Management System (PFMS)** എന്ന വെബ് സൈറ്റിലൂടെയാണ്. അപേക്ഷ സമർപ്പിക്കേണ്ട വിദ്യാർത്ഥികൾ അവസാന തീയതിയായ 2017 ഒക്ടോബർ 31 നകം ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. (Fresh & renewal) - **"www.scholarships.gov.in"** / **"www.dcescholarship.kerala.gov.in"** / **"www.collegiateedu.kerala.gov.in"** - വിദ്യാർത്ഥികൾ കൂടുതൽ വിവരങ്ങൾക്കായി ഈ വെബ്സൈറ്റുകൾ സന്ദർശിക്കേണ്ടതാണ്.

**Contact no. 9446096580, 9446780308**
**0471 -2306580**

(ഒപ്പ്)

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

JJ